9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽനിന്ന് മൊത്തം ചെലവിന്റെ 25 ശതമാനം പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉണ്ടാകണം.

10. പൊന്നും പട്ടും ഉണ്ടായാൽ മാത്രമേ വിവാഹം ആകുന്നുള്ളൂതുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം.

കേരള വനിതാ കമ്മീഷൻ ശിപാർശ പ്രകാരം ആർഭാടവിവാഹങ്ങളും വിവാഹങ്ങളോടോനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നുള്ളതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാംവിധമല്ലാതെയായാൽ അങ്ങനെയുള്ള ഏതുനിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹധൂർത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതിനുമുമ്പ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടത് എന്നതിനാൽ മതമേലദ്ധ്യക്ഷന്മാരുമായും രാഷ്ട്രീയ കക്ഷികളുമായും സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**രോഗികൾക്ക് സൗജന്യ ഭക്ഷണം**

279 (3486) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. എം. പി. വിൻസെന്റ്:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ രോഗികൾക്ക് സൗജന്യഭക്ഷണം നൽകാൻ സാമൂഹ്യ നീതി വകുപ്പ് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരിപ്പുകാരും പലപ്പോഴും സാമ്പത്തിക പരാധീനതകളാൽ ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും ഇവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകണമെന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'വിശപ്പുരഹിതനഗരം' പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ പ്രതിദിനം 6000-ത്തോളം പേർക്ക് ഈ പദ്ധതി വഴിയായി ഉച്ചഭക്ഷണം നൽകിവരുന്നു.

**വയോജനങ്ങളുടെ ക്ഷേമം**

280 (3487) ശ്രീ.മോൻസ് ജോസഫ്
ശ്രീ. സി. എഫ്. തോമസ്
ശ്രീ. ടി. യു. കുരുവിള
ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന അവലോകനം നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിലുള്ളവരുടെ പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് കാലാനുസൃതമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly